**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2741** **22-01-2021 - ൽ മറുപടിയ്ക്ക്**

**പാമ്പുപിടുത്തക്കാർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി കെ അബ്ദു റബ്ബ് ,<br>ഡോ.എം.കെ . മുനീർ** | | **Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | പാമ്പുകളെ പിടികൂടി ദുരുപയോഗം ചെയ്യുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാമ്പുപിടുത്തക്കാർക്ക് പരിശീലനം നൽകുന്നതിനും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും നടപടി എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗസംഘർഷം വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്. അവയിൽ ജനവാസ മേഖലയിൽ എത്തുന്ന പാമ്പിന്റെ കടിയേറ്റുള്ള മരണവും പരിക്കുകളും ആണ് പ്രധാനമായും കണ്ടുവരുന്നത്. കഴിഞ്ഞ 3 വർഷത്തിനിടയിൽ 1860 പേർക്ക് പരിക്കും 334 പേർക്ക് ജീവഹാനിയും സംഭവിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ ആവാസ വ്യവസ്ഥയിലേയ്ക്ക് തുറന്നു വിടുന്നതിന് പ്രാവീണ്യം ലഭിച്ച സ്റ്റാഫുകളുടെ അഭാവം ഉണ്ട്. പാമ്പുകളെ പിടിക്കുന്ന ചിലവ്യക്തികൾ അവയെ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതായും, പൊതുജന മധ്യത്തിലും, മാധ്യമങ്ങളിലും പ്രദർശനം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസ മേഖലയിൽ എത്തുന്ന പാമ്പുകളെ പിടികൂടി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ വിട്ടയക്കുന്ന പ്രക്രിയ കൃത്യവും ഉത്തരവാദിത്വപരമായ ഒന്നാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി മാർഗ്ഗ നിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം കേരള വനം വകുപ്പ് നൽകുന്ന പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പാമ്പ് പിടുത്തക്കാർക്ക് മാത്രമേ ജനവാസ മേഖലയിൽ പാമ്പു പിടിത്തത്തിനുള്ള അനുവാദം ഉള്ളൂ. പാമ്പുകളെ പിടികൂടുന്നതിൽ പരിചയവും താത്പര്യവുമുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതു ജനങ്ങൾ എന്നിവർക്ക് പരിശീലനം നൽകി ആയത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിങ്ങനെ |

| | | | |
|---|---|---|---|
| | | | ഇരുവിഭാഗങ്ങളിലായി 2 ഘട്ടങ്ങളിലായാണ് പരിശീലനം പൂർത്തിയാക്കിയത്. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 2 ദിവസത്തെ പരീശീലനം വനം വകുപ്പ് നൽകുന്നതാണ്. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമേ സർട്ടിഫൈഡ് പാമ്പു പിടുത്തക്കാരായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 11 പ്രകാരം സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഈ സർട്ടിഫിക്കറ്റിന് 5 വർഷത്തെ കാലാവധിയാണ് ഉള്ളത്. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിച്ച പാമ്പു പിടുത്തക്കാർ ഏതെങ്കിലും നിയമ വിരുദ്ധമായ പ്രവർത്തികളിൽ ഏർപ്പെടുകയോ, സ്വയം പിൻമാറുന്നതിന് അപേക്ഷിക്കുകയോ ചെയ്യുന്ന പക്ഷം, അവരുടെ സർട്ടിഫിക്കറ്റ് റദ്ദാക്കാൻ അസി. ഫോറസ്റ്റ് കൺസർവേറ്റർക്ക് (സാമൂഹ്യ വനവത്ക്കരണവിഭാഗം) അധികാരം ഉണ്ടായിരിക്കുന്നതാണ്. 21 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമേ പാമ്പ് പിടുത്തക്കാരാകുന്നതിന് അർഹതയുള്ളൂ. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 824 പേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ